**മധുരമായ കുട്ടികളെ– ദേഹസഹിതം ഈ കണ്ണുകളിലൂടെ എന്തെല്ലാം കാണുന്നുവോ അവയെ മറന്ന് ഒരേയൊരു ബാബയെ ഓർമ്മിക്കൂ കാരണം ഇപ്പോൾ ഇതെല്ലാം നശിക്കാൻ പോകുകയാണ്.**

**ചോദ്യം–** സത്യയുഗത്തിലെ രാജ്യ പദവിയുടെ ലോട്ടറി നേടുന്നതിനുള്ള പുരുഷാർത്ഥമെന്ത്?
**ഉത്തരം–** 1. സത്യയുഗത്തിൽ രാജ്യ പദവി നേടണമെങ്കിൽ തന്റെ മേൽ പൂർണ്ണ ശ്രദ്ധ വെയ്ക്കൂ. ഉള്ളിൽ ഒരു ഭൂതവും ഉണ്ടാകരുത്. അഥവാ ഏതെങ്കിലും ഭൂതമുണ്ടെങ്കിൽ ലക്ഷ്മിയെ വരിക്കാൻ സാധിക്കില്ല. രാജാവാകുന്നതിന് പ്രജകളെയും ഉണ്ടാക്കണം. 2. ഇവിടെ തന്നെ കരച്ചിലിൽ നിന്നും മുക്തമാകണം. ഏതെങ്കിലും ദേഹധാരിയുടെ ഓർമ്മയിൽ താൽപര്യം വന്ന്, ശരീരം വിട്ടുവെങ്കിൽ പദവി ഭ്രഷ്ടമാകും. അതിനാൽ ബാബയുടെ ഓർമ്മയിൽ കഴിയുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

**ഗീതം–** ഇന്നല്ലെങ്കിൽ നാളെ....

ഓം ശാന്തി. ശിവബാബ പറയുന്നു ഓം ശാന്തി, ഇദ്ദേഹത്തിന്റെ ആത്മാവും പറയും ഓം ശാന്തി. അതാണ് പരമാത്മാവ്, ഇതാണ് പ്രജാപിതാവ്. ഇദ്ദേഹത്തിന്റെ ആത്മാവു പറയുന്നു ഓം ശാന്തി. കുട്ടികളും പറയുന്നു ഓം ശാന്തി. തന്റെ സ്വധർമ്മത്തെ കുറിച്ചറിയേണ്ടേ. മനുഷ്യരാണെങ്കിൽ തന്റെ സ്വധർമ്മത്തെയും അറിയുന്നില്ല. ഓം ശാന്തി അർത്ഥം ഞാൻ ആത്മാവ് ശാന്ത സ്വരൂപമാണ്. ആത്മാവ് മനസ്സ്, ബുദ്ധി സഹിതമാണ്. ഇത് മറന്ന് മനസ്സിന്റെ പേര് മാത്രം പറയുന്നു. ആത്മാവിന് ശാന്തി എങ്ങനെ ലഭിക്കും എന്ന് ചോദിക്കുകയാണെങ്കിൽ പറയൂ, ഹാ ഇത് ഒരു ചോദ്യമാണോ? ആത്മാവ് സ്വയം ശാന്ത സ്വരൂപമാണ്, ശാന്തിധാമിലാണ് വസിക്കുന്നത്. ശാന്തി അവിടെ ലഭിക്കുമല്ലോ. ആത്മാവ് ശരീരം വിട്ട് പോകും, അപ്പോൾ ശാന്തിയിലിരിക്കും. ഇത് മുഴുവൻ ലോകമാണ്, ഇവിടെ ആത്മാക്കൾക്ക് പാർട്ടഭിനയിക്കുക തന്നെ വേണം. എങ്ങനെ ശാന്തമായിരിക്കും? ജോലി ചെയ്യണം. മനുഷ്യൻ ശാന്തിക്കു വേണ്ടി എത്ര അലയുന്നുണ്ട്. അവർക്കറിയില്ല നാം ആത്മാക്കളുടെ സ്വധർമ്മം ശാന്തിയാണെന്ന്. ഇപ്പോൾ നിങ്ങൾക്ക് ആത്മാവിന്റെ ധർമ്മത്തെ കുറിച്ചറിയാം. ആത്മാവ് ബിന്ദുവിന് സമാനമാണ്. ബാബ മനസ്സിലാക്കി തന്നു– സർവ്വരും പറയുന്നു നിരാകാരനായ പരമാത്മായ നമഃ എന്ന്. പരമപിതാവിനെ തന്നെയാണ് പറയുന്നത്. ബാബ നിരാകാരനാണ്. ബാബയെ ശിവ പരമാത്മായ നമഃ എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയോഗം ആ ഭാഗത്തേക്കാണ്. മനുഷ്യർ എല്ലാവരും ദേഹഅഭിമാനികളാണ്. അവരുടെ യോഗം ബാബയുടെ നേർക്കല്ല. നിങ്ങൾ കുട്ടികൾക്ക് ബാബ ഓരോ കാര്യവും മനസ്സിലാക്കി തരുന്നു. പാടാറുണ്ട്– ബ്രഹ്മാദേവതായ നമഃ, ബ്രഹ്മാ പരമാത്മായ നമഃ എന്നു ഒരിക്കലും പറയാറില്ല. ഒന്നിനെ മാത്രമാണ് പരമാത്മാവ് എന്നു പറയുന്നത്. ബാബ രചയിതാവാണ്. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടെ കുട്ടികളാണ്. ബാബ നമ്മെ ബ്രഹ്മാവിലൂടെ രചിച്ചു, തന്റേതാക്കി. ബ്രഹ്മാവിന്റെ ആത്മാവിനെയും തന്റേതാക്കി, സമ്പത്ത് നല്കുന്നതിന് വേണ്ടി. ബ്രഹ്മാവിന്റെ ആത്മാവിനോടും പറയുന്നു– എന്നെ ഓർമ്മിക്കൂ എന്ന്. ബി കെ യോടും പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. ദേഹത്തിന്റെ അഭിമാനത്തെ ഉപേക്ഷിക്കൂ എന്ന്. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. 84 ജന്മങ്ങളെടുത്ത് ഇപ്പോൾ ഈ ശരീരം ജീർണ്ണിച്ചു. രോഗിയായി അസുഖമായി. നിങ്ങൾ കുട്ടികൾ എത്ര നിരോഗിയായിരുന്നു, സത്യയുഗത്തിൽ യാതൊരു രോഗവും ഉണ്ടായിരുന്നില്ല. സദാ ആരോഗ്യശാലികളായിരുന്നു. ഒരിക്കലും പാപ്പരായിരുന്നില്ല. ഇപ്പോൾ മുതലേ നമ്മൾ 21 ജന്മത്തേയ്ക്കുള്ള സമ്പത്ത് നേടുകയാണ്, അതിനാൽ ഒരിക്കലും പാപ്പരാകില്ല. ഇവിടെ പാപ്പരായികൊണ്ടിരിക്കുന്നു. കുട്ടികൾക്ക് മനസ്സിലാക്കി തന്നു– പാടാറുമുണ്ട് പരമപിതാ പരമാത്മായ നമഃ, ബ്രഹ്മാവിനെ പരമാത്മാവെന്നു പറയില്ല. പ്രജാപിതാവെന്നാണ് പറയുന്നത്. ദേവതമാർ സൂക്ഷ്മവതനത്തിലാണ് ഉള്ളത്. പ്രജാപിതാവ് തന്നെയാണ് പിന്നീട് ഫരിസ്തയാകുന്നത് എന്ന് ആർക്കും അറിയില്ല. സൂക്ഷ്മവതനവാസിയാകുന്നു അർത്ഥം സൂക്ഷ്മ ദേഹധാരി. ഇപ്പോൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തന്നു എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. നിങ്ങളും നിരാകാരിയാണ്, ഞാനും നിരാകാരിയാണ്. എന്നെ മാത്രം ഓർമ്മിക്കണം, ദേഹധാരികളിൽ നിന്നെല്ലാം ബുദ്ധിയോഗത്തെ വിടുവിക്കണം. ദേഹസഹിതം ഈ കണ്ണുകളിലൂടെ കാണുന്നതെല്ലാം നശിക്കുന്നതാണ്. പിന്നെ നിങ്ങൾക്ക് പോകണം ശാന്തിധാമം വഴി സുഖധാമിലേക്ക്. ആ സുഖധാമം അഥവാ കൃഷ്ണപുരി തന്നെയാണ് നിങ്ങൾ ആഗ്രഹിച്ചിരുന്നതും. അതിനാൽ ബാബ പറയുന്നു ശാന്തിധാമിനെയും സുഖധാമിനെയും ഓർമ്മിക്കൂ എന്ന്. സത്യയുഗത്തിലും പവിത്രത, സുഖവും ശാന്തിയും ഉണ്ടായിരിക്കും, എന്നാൽ അതിനെ ശാന്തിധാമം എന്നു പറയില്ല. കർമ്മം എല്ലാവരും ചെയ്യണം. രാജ്യം ഭരിക്കണം. സത്യയുഗത്തിലും കർമ്മം ചെയ്യുന്നു എന്നാൽ വികർമ്മം ഉണ്ടാകുന്നില്ല കാരണം അവിടെ മായയില്ല. ഇത് സഹജമായി മനസ്സി

ലാക്കേണ്ട കാര്യങ്ങളാണ്. ബ്രഹ്മാവിന്റെ പകലാണ്, പകലിൽ ചതിക്കപ്പെടാറില്ല. രാത്രിയിൽ അന്ധകാരത്തിലാണ് വഞ്ചിതരാകുന്നത്. അതിനാൽ അര കല്പം ഭക്തി, ബ്രഹ്മാവിന്റെ രാത്രി.അര കല്പം ബ്രഹ്മാവിന്റെ പകൽ. ബാബ പറഞ്ഞു തന്നു– ഒരു സ്ഥലത്ത് 6 മാസം പകൽ, 6 മാസം രാത്രിയാണ്. എന്നാൽ ഈ കാര്യങ്ങൾ ശാസ്ത്രങ്ങളിൽ ഇല്ല. ഈ ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രി ശാസ്ത്രങ്ങളിൽ പാടിയിട്ടുണ്ട്. ഇപ്പോൾ വിഷ്ണുവിന്റെ രാത്രിയെന്ന് എന്തു കൊണ്ട് പറയുന്നില്ല! അവിടെ ഈ ജ്ഞാനം തന്നെ ഉണ്ടാകുകയില്ല. ബ്രാഹ്മണർക്കറിയാം– ബ്രഹ്മാവിനും ബ്രഹ്മാകുമാർ കുമാരിമാർക്കും ഇത് പരിധിയില്ലാത്ത ദിനവും രാത്രിയുമാണ്. ശിവബാബയുടെ പകലും രാത്രിയുമെന്ന് പറയില്ല. കുട്ടികൾക്കറിയാം നമ്മുടേത് അര കല്പം ദിനം അര കല്പം രാത്രിയാണ്. കളിയും അങ്ങനെയാണ്, പ്രവൃത്തിമാർഗ്ഗത്തിലുള്ളവരെ സന്യാസിമാർ അറിയുന്നില്ല. അവർ നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. അവർ സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും കാര്യങ്ങൾ മനസ്സിലാക്കുന്നില്ല. അവർ ചോദിക്കുന്നു സ്വർഗ്ഗം എവിടെ നിന്നു വരാൻ എന്ന്, കാരണം ശാസ്ത്രങ്ങളിൽ സത്യയുഗത്തെ പോലും നരകമാക്കിയിരിക്കുന്നു. ഇപ്പോൾ ബാബ വളരെ മധുര മധുരമായ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. പറയുന്നു– കുട്ടികളെ ഞാൻ നിരാകാരൻ ജ്ഞാന സാഗരനാണ്. ജ്ഞാനം നല്കുന്ന എന്റെ പാർട്ട് ഈ സമയത്താണ് പ്രത്യക്ഷത്തിൽ വരുന്നത്. ബാബ തന്റെ പരിചയം നല്കുന്നു. ഭക്തി മാർഗ്ഗത്തിൽ എന്റെ ജ്ഞാനം പ്രത്യക്ഷത്തിൽ വരുന്നില്ല. ആ സമയത്ത് ഭക്തി മാർഗ്ഗത്തിലെ ആചാര രീതിയാണ് നടക്കുന്നത്. ഡ്രാമയനുസരിച്ച് ഭക്തർ ഏത് ഭാവനയിലൂടെ പൂജ ചെയ്യുന്നുവൊ അവർക്ക് സാക്ഷാത്ക്കാരം ചെയ്യിക്കുന്നതിന് ഞാൻ നിമിത്തമാകുന്നു. ആ സമയത്ത് എന്റെ ആത്മാവിൽ ജ്ഞാനത്തിന്റെ പാർട്ടില്ല. അതിപ്പോഴാണ് പ്രത്യക്ഷത്തിൽ വരുന്നത്. ഏതുപോലെ നിങ്ങളുടെ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്, എന്റെയും ഡ്രാമയിൽ എപ്പോഴാണൊ പാർട്ടടങ്ങിയിട്ടുള്ളത്, അത് അതേ സമയത്ത് അഭിനയിക്കുന്നു. ഇതിൽ സംശയത്തിന്റെ കാര്യമേയില്ല. എന്നിൽ നിന്ന് ജ്ഞാനം വരുന്നെങ്കിൽ ഭക്തി മാർഗ്ഗത്തിലേ ആർക്കെങ്കിലും ജ്ഞാനം കേൾപ്പിച്ചേനേ. ലക്ഷ്മീ നാരായണനും അവിടെ ഈ ജ്ഞാനമേ ഉണ്ടാകുകയില്ല. ഡ്രാമയിലടങ്ങിയിട്ടില്ല. മനുഷ്യരോട് ആരെങ്കിലും പറയുകയാണ് ഇന്ന ഗുരുവാണ് എനിക്ക് സത്ഗതി നല്കുന്നത് എന്ന്. എന്നാൽ ഗുരുക്കൻമാർക്ക് എങ്ങനെ സത്ഗതി നല്കാൻ സാധിക്കും? അവർക്കും പാർട്ടുണ്ട്. ചിലർ പറയുന്നു ലോകം ആവർത്തിച്ചു കൊണ്ടിരിക്കുന്നു എന്ന്. ഈ ചക്രം കറങ്ങി കൊണ്ടേയിരിക്കുന്നു. അവർ പിന്നീട് ചർക്ക കാണിച്ചിരിക്കുന്നു. സൃഷ്ടിയുടെ ചക്രമാണ്. അതിശയം നോക്കൂ, ചർക്ക തിരിച്ചാണ് വയറിന് വേണ്ടി സമ്പാദിക്കുന്നത്. ഇവിടെ ഈ സൃഷ്ടി ചക്രത്തെ മനസ്സിലാക്കുന്നതിലൂടെ 21 ജന്മത്തേക്ക് നിങ്ങൾക്ക് പ്രാലബ്ധം ലഭിക്കുന്നു. ബാബ യഥാർത്ഥ രീതിയിൽ അർത്ഥം കേൾപ്പിക്കുന്നു. ബാക്കി സർവ്വരും അയഥാർത്ഥമായ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നു കഴിഞ്ഞു. ഉയർന്നതിലും വെച്ച് ഉയർന്നത് ഭഗവാനാണ് പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കർ സൂക്ഷ്മവതനവാസി. പിന്നീട് സ്ഥൂല വതനത്തിൽ ആദ്യം ലക്ഷ്മീ നാരായണൻ പിന്നെ ജഗദംബ, ജഗത്പിതാവ്. അവർ സംഗമത്തിലാണ്. മനുഷ്യർ തന്നെയാണ്. കൂടുതൽ ഭുജങ്ങളൊന്നും ഇല്ല. ബ്രഹ്മാവിനും രണ്ട് ഭുജങ്ങൾ കാണിക്കുന്നു. ഭക്തി മാർഗ്ഗത്തിലെ ചിത്രങ്ങളിൽ എത്ര ഭുജങ്ങളാണ് കാണിച്ചിരിക്കുന്നത്. 8 ഭുജങ്ങളുണ്ടെങ്കിൽ 8 കാലുകളും ഉണ്ടാകണം. അങ്ങനെ ഉണ്ടാകുന്നില്ല. രാവണന് 10 തലകൾ കാണിക്കുന്നു, അപ്പോൾ കാലുകൾ 20 എണ്ണം ഉണ്ടാകണം. ഇതെല്ലാം പാവകളുടെ കളികളാണ്. ഒന്നും മനസ്സിലാക്കുന്നേയില്ല. രാമായണം കേൾപ്പിക്കുമ്പോൾ നിറയെ പേർ കരയുന്നുണ്ട്. ബാബ മനസ്സിലാക്കി തരുന്നു– ഇതെല്ലാം ഭക്തി മാർഗ്ഗമാണ്, എന്നു മുതലാണോ നിങ്ങൾ വാമ മാർഗ്ഗത്തിലേക്ക് പോയത് അന്നു മുതൽ കാമചിതയിലിരുന്ന് കറുത്ത് പോയി. ഇപ്പോൾ ഒരു ജന്മം ജ്ഞാന ചിതയിലിരിക്കുന്നതിലൂടെ 21 ജന്മത്തേക്ക് സമ്പത്ത് ലഭിക്കുന്നു. അവിടെ ആത്മാഭിമാനിയായിരിക്കും. ഒരു പഴയ ശരീരം വിട്ട് മറ്റൊന്ന് എടുക്കുന്നു. കരച്ചിലിന്റെ കാര്യമേയില്ല. ഇവിടെ കുട്ടി ജനിക്കുമ്പോൾ ആശംസകൾ നല്കുന്നു. ആർഭാടത്തോടെ ആഘോഷിക്കുന്നു. നാളെ കുട്ടി മരിച്ചു പോയാൽ നിലവിളിക്കും. ദുഃഖധാമമല്ലേ. ഭാരതത്തെ ആസ്പദമാക്കിയാണ് മുഴുവൻ കളിയും നടക്കുന്നതെന്ന് അറിയാം. ഭാരതം അവിനാശി ഖണ്ഡമാണ്. ഇവിടെ തന്നെ സുഖ– ദുഃഖം, നരകം സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ഹെവൻലി ഗോഡ് ഫാദർ തന്നെയാണ് സ്വർഗ്ഗം സ്ഥാപിച്ചത്. ലക്ഷക്കണക്ക് വർഷങ്ങളുടെ കാര്യമാണെങ്കിൽ എങ്ങനെ ഓർമ്മിക്കും. ആർക്കും അറിഞ്ഞു കൂടാ– സ്വർഗ്ഗം പിന്നീട് എപ്പോഴാണ് ഉണ്ടാകുക എന്ന്. പറയുന്നു കലിയുഗം ഇനിയും 40000 വർഷങ്ങൾ ഉണ്ടെന്ന്. ഇപ്പോൾ 40000 വർഷങ്ങളിൽ എത്ര ജന്മമെടുക്കേണ്ടി വരും. 5000 വർഷങ്ങളിൽ തന്നെ 84 ജന്മമെടുക്കുന്നു. ഇപ്പോൾ കുട്ടികളാകുന്ന നിങ്ങൾക്ക് മനസ്സിലായി. നിങ്ങൾ പ്രകാശത്തിലാണ്. ബാക്കി ജ്ഞാനമില്ലാത്തവർ അജ്ഞാന നിദ്രയിൽ ഉറങ്ങി കിടക്കുന്നു. അജ്ഞാന അന്ധകാരത്തിന്റെ രാത്രിയാണ് അർത്ഥം സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമേയില്ല. നമ്മൾ അഭിനേതാക്കളാണ്, ഈ സൃഷ്ടി ചക്രം നാലായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ഈ കാര്യങ്ങൾ മനുഷ്യരേ അറിയൂ. ഇപ്പോൾ കുട്ടികൾക്കറിയാം ബാബ ജ്ഞാനസാഗരനാണ്. ബാബയിൽ എന്തെല്ലാം വിശേഷതകളാണൊ ഉള്ളത് അതെല്ലാം ബാബ നിങ്ങൾക്ക് ദാനം നല്കുന്നു. ജ്ഞാനസാഗരനിൽ നിന്നും നിങ്ങൾ സമ്പത്തെടു

ക്കുന്നു. ബാബ സദാ പറയാറുണ്ട്- ദേഹധാരികളെ ഓർമ്മിക്കരുത് എന്ന്. ഞാനും ദേഹത്തിലൂടെയാണ് കേൾപ്പിക്കുന്നത്. എന്നാൽ ഓർമ്മിക്കേണ്ടത് നിരാകാരനായ എന്നെയാണ്. ഓർമ്മിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ ധാരണയും ഉണ്ടാകും, ബുദ്ധിയുടെ പൂട്ടും തുറക്കപ്പെടും. 15 മിനിറ്റോ അര മണിക്കൂറോ കൊണ്ട് ആരംഭിക്കൂ പിന്നെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കൂ. അന്തിമ സമയത്ത് ഒരേയൊരു ബാബയുടേതല്ലാതെ മറ്റാരുടെയും ഓർമ്മ വരരുത്. അതിനാൽ സന്യാസിമാർ സർവ്വതും ഉപേക്ഷിക്കുന്നു. തപസ്യയിലിരിക്കുന്നു, ശരീരം ഉപേക്ഷിക്കുമ്പോൾ ചുറ്റിനുമുള്ള അന്തരീക്ഷം പോലും ശാന്തമായി മാറുന്നു. ആ സ്ഥലത്ത് ഏതോ ഒരു മഹാപുരുഷൻ ശരീരം വിട്ട പോലെ. നിങ്ങൾക്ക് ഇപ്പോൾ ജ്ഞാനമുണ്ട്. ആത്മാവ് അവിനാശിയാണ്, അതിന് ഒരിക്കലും ലയിക്കാൻ സാധിക്കില്ല. അവർക്ക് ഈ ജ്ഞാനമില്ല.

ബാബ മനസ്സിലാക്കി തരുന്നു ആത്മാവ് ഒരിക്കലും നശിക്കുന്നില്ല. ആത്മാവിലുള്ള ജ്ഞാനത്തിന് ഒരിക്കലും നാശം സംഭവിക്കുന്നില്ല. ഡ്രാമ വളരെ ആകർഷണീയമാണ്. സത്യയുഗം, ത്രേതാ, ദ്വാപര, കലിയുഗം.....ഈ ചക്രം കറങ്ങി കൊണ്ടേയിരിക്കുന്നു. നിങ്ങൾ ലക്ഷ്മീ നാരായണനായി തീരുന്നു പിന്നെ നമ്പറനുസരിച്ച് മറ്റ് ധർമ്മത്തിലുള്ളവരും വരുന്നു. ഗോഡ് ഫാദർ ഒന്നാണ്. സത്യയുഗം മുതൽ കലിയുഗം വരെ വൃദ്ധി നേടികൊണ്ടേയിരിക്കുന്നു, മറ്റൊരു വൃക്ഷം ഉണ്ടാകുന്നേയില്ല. ചക്രവും ഒന്നാണ്. ഓർമ്മിക്കുന്നതും ഒന്നിനെ തന്നെയാണ്. ഗുരുനാനാക്കിനെ ഓർമ്മിക്കുന്നുണ്ട് എന്നാൽ അദ്ദേഹം പിന്നീട് അദ്ദേഹത്തിന്റെ സമയത്താണ് വരേണ്ടിയിരിക്കുന്നു. ജനന മരണത്തിൽ സർവ്വർക്കും വരുക തന്നെ വേണം. മനുഷ്യർ മനസ്സിലാക്കുന്നു-കൃഷ്ണൻ സർവ്വവ്യാപിയാണ് എന്ന്. ഓരോരുത്തരും ഓരോരുത്തരെയാണ് അംഗീകരിക്കുന്നത്. ബാബ മനസ്സിലാക്കി തരുന്നു- കുട്ടികളെ യുക്തിയോടെ മനസ്സിലാക്കൂ- ഈശ്വരൻ സർവ്വരുടെയും ഒന്നാണ്, നിരാകാരനാണ്. ഗീതയിലുണ്ട്- ഭഗവാനുവാചാ. അതിനാൽ ഗീത സർവ്വരുടെയും മാതാവും പിതാവുമാണ് കാരണം അതിലൂടെയാണ് സർവ്വർക്കും സത്ഗതി ലഭിക്കുന്നത്. ബാബ സർവ്വരുടെയും ദുഃഖത്തെ ഹരിച്ച് സുഖം നല്കുന്നവനാണ്. ഭാരതം സർവ്വരുടെയും തീർത്ഥ സ്ഥാനമാണ്. ബാബയിലൂടെ തന്നെയാണ് സത്ഗതി ലഭിക്കുന്നത്. ഇതാണ് ബാബയുടെ ജന്മസ്ഥലം, സർവ്വരും ബാബയെയാണ് ഓർമ്മിക്കുന്നത്. ബാബ തന്നെ വന്നാണ് സർവ്വരെയും രാവണന്റെ രാജ്യത്തിൽ നിന്നും വിടുവിക്കുന്നത്. ഇപ്പോൾ ഇത് രൗരവ നരകമാണ്.

ഇപ്പോൾ ബാബ പറയുന്നു- ഹേ ദേഹധാരി ആത്മാക്കളെ, ഇപ്പോൾ തിരികെ പോകണം,കേവലം എന്നെ മാത്രം ഓർമ്മിക്കൂ. ദേഹധാരികളിൽ കുടുങ്ങിയെങ്കിൽ കരയേണ്ടി വരും. ഒന്നിനെ ഓർമ്മിക്കണം, അവിടെ തന്നെ വരണം. നിങ്ങളുടെ കരച്ചിൽ 21 ജന്മത്തേക്ക് സമാപ്തമാകുന്നു. ആരെങ്കിലും മരിച്ചു, നിങ്ങൾ കരയുകയാണെങ്കിൽ എങ്ങനെ കരച്ചിലിൽ നിന്നും മുക്തമാകും. ആരുടെയെങ്കിലും ഓർമ്മയിൽ ഷോക്ക് വന്നു, മരിച്ചു എങ്കിൽ ദുർഗതിയാകും. നിങ്ങൾ ശിവബാബയെയല്ലേ ഓർമ്മിക്കേണ്ടത്. ഹൃദയനൈരാശ്യവും ഉണ്ടാകുന്നുണ്ട്. നിങ്ങൾ ഇരിക്കുമ്പോഴും നടക്കുമ്പോഴും ഒരേയൊരു ബാബയെ തന്നെ ഓർമ്മിക്കണം. ഇതും ബാബ ബുദ്ധിയിൽ ഇരുത്തുകയാണ് കാരണം മുഴുവൻ ദിവസം ഓർമ്മിക്കുന്നില്ലായെങ്കിൽ അവരെ സംഘടനയിൽ ഇരുത്തുന്നു. സർവ്വരുടെയും ഒരുമിച്ചുള്ള ശക്തി ലഭിക്കുന്നു. മറ്റാരുടെയെങ്കിലും ഓർമ്മ ബുദ്ധിയിൽ വന്നുവെങ്കിൽ പിന്നെ അവരുടെയടുത്ത് പോയി ജന്മമെടുക്കേണ്ടി വരും. എന്തു സംഭവിച്ചാലും അചഞ്ചലമായിരിക്കണം. ദേഹത്തിന്റെ ബോധം ഉണ്ടാകരുത്. ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുവൊ, ആ ഓർമ്മ റെക്കോഡായി ചേർക്കപ്പെടുന്നു. നിങ്ങൾക്ക് വളരെ സന്തോഷവുമുണ്ടാകും. നമുക്ക് വേഗം പോകാൻ സാധിക്കും. പോയിട്ട് സിംഹാസനത്തിലിരിക്കും, ബാബ സദാ പറയുന്നു- കുട്ടികളെ നിങ്ങൾ ഒരിക്കലും കരയരുത്, കരയുന്നത് വിധവകളാണ്. നിങ്ങൾ ഇവിടെ തന്നെ സർവ്വഗുണ സമ്പന്നരാകണം, അത് പിന്നീട് അവിനാശിയായി തീരുന്നു. പരിശ്രമം വേണം. സ്വയത്തിന്റെ മേൽ ശ്രദ്ധ വേണം, ഏതെങ്കിലും ഭൂതമുണ്ടെങ്കിൽ ഉയർന്ന പദവി നേടാനാകില്ല. നാരദൻ ഭക്തനായിരുന്നു- ലക്ഷ്മിയെ വരിക്കാൻ ആഗ്രഹിച്ചിരുന്നു,എന്നാൽ മുഖം നോക്കൂ കുരങ്ങനെ പോലെ.....നിങ്ങൾ ലക്ഷ്മിയെ വരിക്കുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്തു കൊണ്ടിരിക്കുന്നത്, 5 ഭൂതങ്ങളുള്ളവർക്ക് എങ്ങനെ ലക്ഷ്മിയെ വരിക്കാൻ സാധിക്കും. വളരെ പരിശ്രമം വേണം. വളരെ ഉയർന്ന ലോട്ടറിയാണ് കരസ്ഥമാക്കുന്നത്. നമ്മൾ രാജാവാകുമ്പോൾ തീർച്ചയായും പ്രജകളും ഉണ്ടാകും. ആയിരക്കണക്കിന് ലക്ഷക്കണക്കിന് വൃദ്ധി ഉണ്ടാകും. ആദ്യം ആദ്യം ആര് വന്നാലും അവർക്ക് ബാബയുടെ പരിചയം നല്കൂ. പതിത പാവനൻ പരമപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണ് ഉള്ളത്. തീർച്ചയായും പറയേണ്ടി വരും പിതാവാണെന്ന്. എഴുതൂ. ബാബ തന്നെയാണ് പതിത പാവനൻ സർവ്വരെയും പാവനമാക്കുന്നവൻ. എഴുതിപ്പിക്കുകയാണെങ്കിൽ പിന്നെ തർക്കിക്കില്ല. പറയൂ, നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് കേൾക്കാനാണോ അതോ കേൾപ്പിക്കാനാണോ? സർവ്വരുടെയും സത്ഗതിദാതാവ് ഒരേയൊരു നിരാകാരനല്ലേ. ബാബ ഒരിക്കലും ആകാരത്തിലോ സാകാരത്തിലോ വരുന്നില്ല. ഇനി പ്രജാപിതാവുമായി എന്ത് സംബന്ധമാണ് ഉള്ളത്?

അത് സാകാരിയാണ്, ബാബ നിരാകാരിയാണ്. നമ്മൾ ഒരേയൊരു ബാബയെ തന്നെ ഓർമ്മിക്കുന്നു. നമ്മുട ലക്ഷ്യം ഇതാണ്. ഇതിലൂടെ നമ്മൾ രാജ്യപദവി നേടും. ശരി

മധുരമധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1) ഒരു ദേഹധാരിയിലും ബുദ്ധിയെ അലയിക്കരുത്. ഓർമ്മയുടെ റെക്കോഡ് കൃത്യമാക്കി വയ്ക്കണം. ഒരിക്കലും കരയരുത്.

2) തന്റെ സ്വധർമ്മമായ ശാന്തിയിൽ സ്ഥിതി ചെയ്യണം. ശാന്തിക്ക് വേണ്ടി അലയരുത്. സർവ്വരെയും ഈ അലച്ചിലിൽ നിന്നും മുക്തമാക്കണം. ശാന്തിധാമിനെയും സുഖധാമിനെയും ഓർമ്മിക്കണം.

**വരദാനം – വിനയത്തിലൂടെ നവനിർമാണം ചെയ്യുന്നവരായ നിരാശയിൽ നിന്നും അഭിമാനത്തിൽ നിന്നും മുക്തരായി ഭവിക്കട്ടെ.**

ഒരിക്കലും പുരുഷാർഥത്തിൽ നിരാശരാകാതിരിക്കൂ. ചെയ്യുക തന്നെ വേണം, ആകുക തന്നെ വേണം, വിജയമാല എന്റെ തന്നെ ഓർമചിഹ്നമാണ്, ഈ ഓർമയിലൂടെ വിജയിയാകൂ. ഒരു സെക്കന്റോ മിനിറ്റോ പോലും നിരാശയ്ക്ക് ഉള്ളിൽ ഇടം കൊടുക്കാതിരിക്കൂ. അഭിമാനവും നിരാശയും ഇവ രണ്ടും മഹാബലവാൻ ആകുവാൻ അനുവദിക്കുകയില്ല. അഭിമാനികൾക്ക് അപമാനത്തിന്റെ തോന്നൽ ഏറെ വരുന്നു, അതിനാൽ ഈ രണ്ടു കാര്യങ്ങളിൽ നിന്നും മുക്തമായി വിനീതരാകൂ എങ്കിൽ നവനിർമാണത്തിന്റെ കാര്യം ചെയ്തുകൊണ്ടിരിക്കും.

**സ്ലോഗൻ: വിശ്വസേവനത്തിന്റെ സിംഹാസനധാരിയാകൂ എങ്കിൽ രാജ്യസിംഹാസനധാരിയായി മാറും.**